DESPATCHED
On..22/6/22...



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**

**തിരുവനന്തപുരം-695 001**

Email: sic.ker@nic.in

ഹർജി നമ്പർ **AP 260 (1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 4887/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 22

ശ്രീമതി. സുനന്ദ കാളിയാർതൊടി,
W/o രാജൻ ചെറുത്തോടൻ,
കരുമ്പാനകണ്ടി ഹൗസ്,
ബ്ലോക്ക് റോഡ്,
കൊണ്ടോട്ടി, മലപ്പുറം – 673 638.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
   പരീക്ഷാഭവൻ, പൂജപ്പുര,
   തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
   ജോയിന്റ് കമ്മീഷണർ,
   പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
   പരീക്ഷാഭവൻ, പൂജപ്പുര,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 21.10.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 6.11.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 13.12.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 30.12.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 13.03.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 21.3.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.3.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 16.4.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയത | 21.6.202 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി | ഹാജരായില്ല |
| എസ്.പി.ഐ.ഒ. | ഹാജരായി |

**ഉത്തരവ്**

ശ്രീമതി. സുനന്ദ കാളിയാർതൊടി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, 31.8.2021-ന് ടിയാൾ അറ്റന്റ് ചെയ്ത Kerala Teachers

Eligibility Test OMR sheet-ന്റെ പകർപ്പിനായി വിവരാവകാശ അപേക്ഷയും അപ്പീൽ അപേക്ഷയും നൽകിയെങ്കിലും ആവശ്യപ്പെട്ട OMR sheet ലഭ്യമാക്കിയില്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപ്പെട്ട് ആയത് ലഭ്യമാക്കുന്നിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. മേൽപ്പടി അപേക്ഷയ്ക്ക് 6.11.2021-ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരിക്ക് ക്യാൻഡിഡേറ്റ് കോപ്പിയായി നൽകിയ OMR ഷീറ്റിന്റെ കാർബൺ കോപ്പി ഉത്തരക്കടലാസിന്റെ പകർപ്പായി പരിഗണിക്കാവുന്നതാണെന്നാണ്. ടി മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് നൽകിയ ഒന്നാം അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, പരീക്ഷാനന്തരം പരീക്ഷാർത്ഥികൾ ഒ.എം.ആർ. ഷീറ്റിൽ രേഖപ്പെടുത്തുന്ന മാർക്ക് അടക്കം എല്ലാ വിവരങ്ങളുടെയും കാർബൺ പകർപ്പ് നൽകി വരുന്നുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി തൃപ്തികരമാണെന്നതിനാൽ അപ്പീൽ അപേക്ഷ തീർപ്പാക്കുന്നുവെന്നാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കെ-ടെറ്റ് പരീക്ഷക്ക് നാല് കാറ്റഗറികളിലുമായി ഒരു ലക്ഷത്തിലധികം പരീക്ഷാർത്ഥികൾ ഉണ്ടാകാറുണ്ടെന്നും ഒ.എം.ആർ. ഷീറ്റുകൾ ഉത്തരക്കടലാസ്സായി ഉപയോഗിച്ചാണ് പരീക്ഷ നടത്തുന്നതെന്നും ഓരോ കാറ്റഗറിയിലും വിവിധ വിഷയങ്ങളിലെ 150 മാർക്കിന്റെ ചോദ്യങ്ങളും അവയ്ക്ക് ചോദ്യം ഒന്നിന് ഓരോ മാർക്കും അനുവദിച്ചിട്ടുണ്ടെന്നും ധാരാളം പരീക്ഷാർത്ഥികൾ നാല് കാറ്റഗറികളിലുമായി ഉൾപ്പെടുന്നതിനാൽ പരീക്ഷയ്ക്ക് ശേഷം ഒറിജിനൽ ഒ.എം.ആർ ഉത്തരക്കടലാസ്സിന്റെ കാർബൺ പകർപ്പ് പരീക്ഷാർത്ഥികൾക്ക് നേരിട്ട് പരിശോധിക്കുന്നതിനായി നൽകി വരുന്നു എന്നും പരീക്ഷകൾക്ക് ശേഷം താത്ക്കാലിക ഉത്തര സൂചിക പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ഉത്തര സൂചികയുമായി ബന്ധപ്പെട്ട് ആക്ഷേപം ഉള്ളവർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചിത കാലയളവ് അനുവദിക്കുകയും ചെയ്യുന്നുണ്ടെന്നും തുടർന്ന് അത്തരം അപേക്ഷകൾ വിഷയ വിദഗ്ദ്ധർ പരിശോധിക്കുകയും പരാതികൾ പരിഗണിച്ച് അന്തിമ സൂചിക പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ടെന്നും പരീക്ഷയ്ക്ക് ശേഷം താത്ക്കാലിക ഉത്തര സൂചിക പ്രസിദ്ധീകരിക്കുന്നതിനാൽ എല്ലാ പരീക്ഷാർത്ഥികൾക്കും കൈവശമുള്ള ചോദ്യബുക്ക്ലെറ്റ്, ഒ.എം.ആർ. ഷീറ്റിന്റെ കാർബൺ കോപ്പി എന്നിവയുമായി ഒത്ത് നോക്കി ഉത്തരങ്ങൾ ബോദ്ധ്യപ്പെടാൻ കഴിയുന്നതാണെന്നും ഒരു ലക്ഷത്തിലധികം പരീക്ഷാർത്ഥികൾ രജിസ്റ്റർ ചെയ്യുന്ന കെ-ടെറ്റ് പരീക്ഷയ്ക്ക് ശേഷം ഓരോ പരീക്ഷാർത്ഥിയും വിവരാവകാശ നിയമ പ്രകാരവും മറ്റും ഒ.എം.ആർ. ഷീറ്റിന്റെ പകർപ്പ് ആവശ്യപ്പെട്ടാൽ ആയത് ലഭ്യമാക്കുവാൻ എടുക്കുന്ന സമയം പരീക്ഷാഭവന്റെ ദൈനംദിന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചേക്കാം എന്നുള്ളതിനാലാണ് പരീക്ഷക്ക് ശേഷം ഒ.എം.ആർ. ഷീറ്റിന്റെ കാർബൺ പകർപ്പ് തന്നെ ഓരോ പരീക്ഷാർത്ഥിക്കും നൽകിവരുന്നതെന്നും സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷയിൽ ഖണ്ഡിക 3-ൽ ചേർത്തിട്ടുള്ളതു പോലെ 34, 38, 44, 55, 59 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ കാർബൺ കോപ്പിയിൽ വ്യക്തമല്ല എങ്കിൽകൂടിയും പ്രസിദ്ധീകരിക്കപ്പെട്ട താത്ക്കാലിക

അന്തിമ സൂചികകൾ, കൈവശമുള്ള ചോദ്യ ബുക്ക്‌ലെറ്റ്, എന്നിവയുടെ അടിസ്ഥാനത്തിൽ പരീക്ഷാർത്ഥികൾക്ക് ഉത്തരങ്ങളുടെ വ്യക്തത സ്വയം പരിശോധിച്ച് ബോധ്യപ്പെടാൻ കഴിയുന്നതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചതിൽ, ഹർജിക്കാരി ആവശ്യപ്പെട്ട ഒ.എം.ആർ ഷീറ്റിന്റെ പകർപ്പ് കണ്ടെത്തി നൽകുന്നതിന് യാതൊരു ശ്രമവും എതിർകക്ഷികൾ നൽകിയിട്ടില്ലെന്ന് മാത്രമല്ല അപ്രകാരം ഒ.എം.ആർ. ഷീറ്റിന്റെ പകർപ്പ് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചാൽ പരീക്ഷാ ഭവന്റെ ദൈനംദിന പ്രവർത്തനത്തെ അത് ദോഷകരമായി ബാധിക്കുമെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മറ്റ് ഔദ്യോഗിക കൃത്യങ്ങളോടൊപ്പമാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവർ ടി നിലയിലുള്ള അവരുടെ ചുമതലകളും നിർവ്വഹിക്കേണ്ടത് എന്നതിനാൽ എതിർകക്ഷികളുടെ ടി വിശദീകരണം വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഹർജിക്കാരി ആവശ്യപ്പെട്ട ഒ.എം.ആർ. ഷീറ്റിന്റെ വ്യക്തമായ പകർപ്പ് സൗജന്യമായി ഹർജിക്കാരിക്ക് 30.6.2022നകം നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 22–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ.

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk